"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജിൽ ഇ.സി.ജി. ടെക്നീഷ്യൻ തസ്തികയിൽ പ്രിൻസിപ്പൽ തലത്തിൽ കരാർ നിയമനം നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യകുടുംബക്ഷേമ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2947/2022/H&FWD തീയതി,തിരുവനന്തപുരം, 15-12-2022

---

പരാമർശം:-

1. സർക്കാർ കത്ത് നം.ബി2/503/2017/ആ.കു.വ തീയതി 17.03.2018
2. സ.ഉ.(പി) നം.81/2019/ഫിൻ തീയതി 09.07.2019
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ ഡയറക്ടറുടെ 24.03.2022, 19.07.2022 എന്നീ തീയതികളിലെ ഇ2/684/2022/ഡി.എം.ഇ. നമ്പർ കത്ത്.

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഇ.സി.ജി ടെക്നീഷ്യൻ തസ്തികയിലെ യോഗ്യത ഭേദഗതി ചെയ്ത ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് കോടതി സ്റ്റേ ഉള്ളതിനാൽ പ്രസ്തുത തസ്തികയിലെ ഒഴിവുകൾ കോടതി സ്റ്റേ ഒഴിവാകുന്നത് വരെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം നൽകാം എന്ന പരാമർശം (1) കത്തിലെ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും, മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ ഇ.സി.ജി ടെക്നീഷ്യൻ അത്യന്താപേക്ഷിതമായതിനാലും കോവിഡ്-19 മഹാമാരിയുടെ സാഹചര്യത്തിൽ പുതുതായി ഇന്റർവ്യൂ നടത്തി നിയമനം നൽകാനുള്ള ബുദ്ധിമുട്ടും ആശുപത്രിയിൽ പ്രസ്തുത തസ്തിക ഒഴിച്ചിടാൻ കഴിയാത്ത സാഹചര്യത്തിലും 11.01.2019 തീയതി മുതൽ 10.01.2022 വരെ ഇ.സി.ജി ടെക്നീഷ്യൻ തസ്തികയിൽ പ്രിൻസിപ്പൽ തലത്തിൽ നടത്തിയ കരാർ നിയമനം സാധൂകരിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസവകുപ്പ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുയും, മെഡിക്കൽ വിദ്യാഭ്യാസവകുപ്പ ഡയറക്ടറുടെ പരാമർശം (3) ശിപാർശ പരിഗണിച്ച് ഇ.സി.ജി ടെക്നീഷ്യൻ തസ്തികയിൽ പ്രിൻസിപ്പൽ തലത്തിൽ 11.01.2019 മുതൽ 10.01.2022 വരെ കരാർ നിയമനം നൽകിയ നടപടി സാധൂകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. കൂടാതെ, ഇ.സി.ജി ടെക്നീഷ്യൻ തസ്തികയിൽ നിയമനം നടത്തുന്നത് സംബന്ധിച്ച കോടതി

വ്യവഹാരങ്ങൾ പൂർത്തിയാകുന്നതു വരെ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാർ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ K

ഡെപ്യൂട്ടിസെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസവകുപ്പ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Raseena R A**
**Date: 15-12-2022 16:01:16**

സെക്ഷൻ ഓഫീസർ